# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 629 29/07/2015-ൽ മറുപടിയ്ക്ക്

### ശുചിത്വ തീരം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. പി. എ. മാധവൻ:<br>ശ്രീ. കെ. ശിവദാസൻ നായർ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ശുചിത്വ തീരം പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) തീരമേഖലയുടെ ശുചിത്വ പരിപാലനത്തിന് സമഗ്രമായ പദ്ധതികളാണ് ഫിഷറീസ് വകുപ്പ് മുഖേന ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നത്. മത്സ്യത്തൊഴിലാളികൾ തിങ്ങിപാർക്കുന്ന തീര പ്രദേശങ്ങളിൽ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉറപ്പു വരുത്തുന്നതിന് സാനിട്ടേഷൻ (വ്യക്തിഗതം/കോമൺ സാനിട്ടേഷൻ), ഡ്രെയിനേജ് സൗകര്യം, ബയോഗ്യാസ് പ്ലാന്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖേനയും തീരദേശ വികസന കോർപ്പറേഷൻ മുഖേനയും നടപ്പിലാക്കി വരുന്നു. ഇതിനായി ഫിഷറീസ് വകുപ്പ് നേരിട്ട് 24.55 കോടി രൂപയുടെയും തീരദേശ വികസന കോർപ്പറേഷൻ മുഖേന 20.03 കോടി രൂപയും ഉൾപ്പെടെ ആകെ 44.58 കോടി രൂപയുടെ ശുചിത്വ പദ്ധതികൾ തീരദേശമേഖലയിൽ നടപ്പിലാക്കി വരുന്നു. ഇതുവരെ നാലു വർഷംകൊണ്ട് 13707 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ടോയ്ലറ്റുകൾ നല്കി. ഈ സാമ്പത്തിക വർഷവും അപേക്ഷിച്ചിരുന്ന മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും വ്യക്തിഗത ടോയിലറ്റ് നിർമ്മിക്കുന്നതിനായി 630 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട് |

| | | | |
|---|---|---|---|
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | മത്സ്യത്തൊഴിലാളികൾ തിങ്ങിപാർക്കുന്ന തീര പ്രദേശങ്ങളിൽ പരിസര മലിനീകരണം മൂലം കുടിവെള്ളത്തിലും മറ്റും മാലിന്യം കലർന്ന് പൊതുജനങ്ങളിൽ പലതരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽ വന്നതുമൂലം വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉറപ്പു വരുത്തി തീരദേശ മേഖലകളിൽ ആരോഗ്യപൂർണ്ണമായ സമൂഹം ഉണ്ടാക്കുന്നതിനാണ് മേൽ പറഞ്ഞ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. |
| (സി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (സി) | ടി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ആവശ്യമായ തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് യഥാസമയം അനുവദിച്ചു നൽകിയിട്ടുണ്ട്. പദ്ധതി പുരോഗതി കൃത്യമായി അവലോകനം ചെയ്യുന്നതിന് സർക്കാർ തലത്തിലും വകുപ്പ് തലത്തിലും നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**